## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.430

## 03.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സാംസ്കാരികനിലയത്തിന് നൽകിയ അനുമതി റദ്ദ് ചെയ്ത നടപടി

| ചോദ്യം<br>(ശ്രീ.പി. ഉണ്ണി) | മറുപടി<br>(ഡോ.ടി.എം. തോമസ് ഐസക്,<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
|---|---|
| (എ) ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് എന്നാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയത്;വിശദാംശം ലഭ്യമാക്കാമോ; | ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിനു 26.07.2019 തീയതിയിലാണ് ധനകാര്യ വകുപ്പ് അനുമതി നല്കിയിരുന്നത്.<br>2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമനം.5644 ആയി ഒറ്റപ്പാലം ടൗണിൽ 10 കോടി രൂപ ചെലവിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി 100 രൂപ ടോക്കൺ തുക അനുവദിച്ചിരുന്നു. ധന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം 5,38,70,118/- രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി ഭരണ വകുപ്പ് ഫയൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ധന വകുപ്പ് അനുമതി നല്കുകയും ചെയ്തിരുന്നു. തുടർന്ന്, 07.09.2019-ലെ സ.ഉ(സാ.ധാ)നമ്പർ.408/2019/സാം.കാ.വ പ്രകാരം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ സാംസ്കാരികനിലയം സ്ഥാപിക്കുന്നതിന് ധന വകുപ്പ് നൽകിയിരുന്ന അനുമതി റദ്ദ് ചെയ്തത് | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ഉൾപ്പെടുത്തേണ്ടതില്ലായെന്ന് ധന വകുപ്പ് |

| | |
|---|---|
| എന്നാണ്; വിശദാംശം ലഭ്യമാക്കാമോ; | തീരുമാനമെടുത്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനു തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധന വകുപ്പ് നിരാകരിക്കുകയും പ്രസ്തുത വിവരം ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് 30.01.2020-ലെ സ.ഉ(സാ.ധാ)നമ്പർ.55/2020/ സാം.കാ.വ ഉത്തരവ് പ്രകാരം അനുമതി റദ്ദ് ചെയ്തുകൊണ്ട് ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെടുന്ന പ്രവൃത്തികൾക്കുള്ള വിഹിതം സാധാരണയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തന്നെ വീതിച്ച് നല്കുന്ന ആസ്തികളുടെ സംരക്ഷണത്തിനും വികസനത്തിനും അഭിവൃദ്ധിയ്ക്കുമായി മാറ്റി വയ്ക്കുന്ന വിഹിതത്തിൽ നിന്നും നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിനു മുമ്പ് ഇത്തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ വിശദമായ വിവരങ്ങൾ അടങ്ങുന്ന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പിൻവലിച്ചിരുന്നത്.<br><br>എന്നാൽ, ധന വകുപ്പിന്റെ മേൽ തീരുമാനം പുന:പരിശോധിക്കുകയും ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തുകയുടെ (5,38,70,118/-രൂപ) 20% തുകയായ 107.74 ലക്ഷം രൂപ 21.04.2020-ലെ സ.ഉ(സാധാ)നം.2835/2020/ധന പ്രകാരം ധന വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

Jayanthy. T

**സെക്ഷൻ ഓഫീസർ**